LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂലായ് 22, ചൊവ്വ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 14

നിയമസഭ 1986 ജൂലായ് 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I ചോദ്യോത്തരങ്ങൾ :

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മദ്യനിയമം ലംഘിച്ചുകൊണ്ട് നടത്തുന്ന മദ്യഷോപ്പുകൾ

*233 [370] ശ്രീ. ടി. കെ. ഹംസ:
,, വി. കേശവൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, വർക്കല രാധാകൃഷ്ണൻ:
,, സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിയമം ലംഘിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ പല ഭാഗത്തും ചാരായഷോപ്പുകളും വിദേശമദ്യ ഷോപ്പുകളും പ്രവർത്തിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മദ്യഷോപ്പുകൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) നിലവിലുള്ള വ്യവസ്ഥ ലംഘിച്ച് ചാരായഷോപ്പും വിദേശമദ്യഷോപ്പും നടത്തുന്നതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഇത്തരം പരാതികൾ ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. അവയെപ്പറ്റി സത്വരമായി അന്വേഷണം നടത്തുകയും പരാതി ശരിയാണെന്നു കാണുന്ന കേസുകളിൽ നിയമപരമായ നടപടികൾ എടുക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) കള്ള്, ചാരായം, വിദേശമദ്യം (ചില്ലറ വിൽപ്പന) എന്നീ ഷാപ്പുകളും വിദ്യാഭ്യാസസ്ഥാപനങ്ങളും, ആരാധനാലയങ്ങളും, ശ്മശാനങ്ങളും എന്നിവയിൽനിന്നും 400 മീറ്റർ അകലത്തിലും പ്രോജക്ട് ഏരിയ, ഹരിജൻ/ഗിരിജൻ കോളനി എന്നിവയ്ക്ക് പുറത്തും പ്രവർത്തിക്കേണ്ടതാണ്. വിദേശമദ്യ മൊത്തവിൽപ്പനശാലകളും വിദേശമദ്യ ബാറുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആരാധനാലയങ്ങളും, ശ്മശാനങ്ങളും എന്നിവയിൽനിന്നും 200 മീറ്റർ അകലത്തിലും പ്രവർത്തിക്കണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ 31-3-1986 ൽ നിലവിലുണ്ടായിരുന്ന വിദേശമദ്യ ബാറുകളുടെ ലൈസൻസ് പുതുക്കുന്നതിന് ഈ ദൂരപരിധി ബാധകമല്ല.

(സി) ഉണ്ട്.

ശ്രീ. ടി. കെ. ഹംസ: നിലവിലുള്ള വ്യവസ്ഥകളും ലംഘിച്ചു എന്നതിനെസംബന്ധിച്ച് പരാതികളും കിട്ടിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ പരാതികളിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: അപ്പപ്പോൾതന്നെ അതിനെസംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തി നിയമപ്രകാരമല്ലെങ്കിൽ ആ സ്ഥലം മാറ്റുക, അല്ലെങ്കിൽ ആ ലൈസൻസ് ക്യാൻസൽ ചെയ്യുക, പ്രോസിക്യൂഷൻ കേസ് എടുക്കേണ്ടതാണെങ്കിൽ പ്രോസിക്യൂഷൻ കേസ് എടുക്കുക എന്നീ നിയമം അനുശാസിക്കുന്ന നടപടികളും എടുത്തുവരുന്നുണ്ട്.

ശ്രീ. ടി. കെ. ഹംസ: മദ്യനിയമം ലംഘിച്ചിട്ടുള്ള വിദേശമദ്യഷാപ്പുകളെ സംബന്ധിച്ച എത്ര ആരോപണങ്ങളും കിട്ടിയിട്ടുണ്ട്. ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: മൊത്തമായി 66 പരാതികളാണ് ഗവൺമെൻറിന് ലഭിച്ചിട്ടുള്ളത്. അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും റവന്യൂ ബോർഡിനും അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. വി. കേശവൻ: മദ്യനിയമം ലംഘിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തു വ്യാപകമായി ലൈസൻസില്ലാതെ അനധികൃതമായി പീടികകളിലും ഏറുമാടക്കടകളിലും ഒക്കെ ചാരായവിൽപ്പന നടത്തുന്നുണ്ട്. അത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: ഇതിനുവേണ്ടി ഉദ്യോഗസ്ഥൻമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. പോലീസിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ സ്കാഡുണ്ട്. ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുന്ന കേസുകളിലെല്ലാം സത്വരമായ നടപടികളും എടുക്കുന്നുണ്ട്. എന്നാലും ഇങ്ങനെയുണ്ടെന്നുള്ള പരാതിയുണ്ട്. ഗവൺമെൻറിൻെറ ശ്രദ്ധയിലും റവന്യൂ ബോർഡിലെ ഉദ്യോഗസ്ഥൻമാരുടെ ശ്രദ്ധയിലും പെടുന്ന മുറയ്ക്ക് കർശനമായ നടപടികളും എടുക്കുന്നതാണ്.

ശ്രീ. വി. കേശവൻ: കള്ളുഷാപ്പുകളിൽ വിദേശമദ്യവും ചാരായവും വച്ച് വിൽക്കരുതെന്ന് നിയമം അനുശാസിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇപ്പോഴും വ്യാപകമായിത്തന്നെ കള്ളുഷാപ്പുകളിൽ ചാരായവും വിദേശമദ്യവും വച്ച് വിൽപ്പന നടത്തുന്നുണ്ട്. ഇത് കർശനമായി തടയാനുള്ള നടപടികളും സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരുന്ന കേസുകളിലെല്ലാം ഇതു തടയുന്നതിന് വളരെ കർശനമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ദേവാലയങ്ങൾ, വിദ്യാലയങ്ങൾ എന്നിവയുടെ 400 മീറ്റർ അകലെ വേണം ഈ ഷാപ്പുകൾ നടത്താൻ എന്ന നിബന്ധന ബ്രിട്ടീഷുകാരനുണ്ടാക്കിയ നിയമത്തിന്റെ ഭാഗമായി ഉണ്ടായതാണ്. ദേവാലയങ്ങൾ വളരെ കുറവായിരുന്ന ഒരു കാലത്തുണ്ടാക്കിയ നിയമമാണിത്. ഇന്നാണെങ്കിൽ മുക്കിന് മുക്കിന് അമ്പലങ്ങളും പള്ളികളുമുണ്ട്. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഈ നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: 400 മീറ്റർ അകലമുള്ളതുകൊണ്ട് ബുദ്ധിമുട്ട് ഉണ്ടെന്ന് ചെത്തുതൊഴിലാളികളുടെ യൂണിയനുകളും, മദ്യഷാപ്പുതൊഴിലാളികളുടെ യൂണിയനുകളും കോൺട്രാക്ടർമാരുടെ അസോസിയേഷനും എല്ലാം പല റപ്രസന്റേഷനുകളും തന്നിട്ടുണ്ട്. അതിനെതിരായിട്ടും പബ്ലിക് ഒപ്പീനിയനുണ്ട്. ഗവൺമെന്റ് ഇതെല്ലാം പരിഗണിച്ചുവരുന്നുണ്ട്. ഇപ്പോൾ നിലവിലിരിക്കുന്ന നിയമം ഇങ്ങനെയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ട് ഈ നിയമസഭയുടെ മുമ്പാകെത്തന്നെ ഒരു പെറ്റീഷൻ കിട്ടിയതായിട്ടാണ് നിയമസഭ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതിനെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്. നയപരമായ എന്തെങ്കിലും ഒരു തീരുമാനം ആ കാര്യത്തിൽ ഗവൺമെന്റ് എടുത്തിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണമെന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: നിലവിലുള്ള ബാർ ലൈസൻസ് വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ? നാട്ടിൽ പല വീടുകളും പരിഷ്കരിക്കുന്നുണ്ട്. എല്ലാവർക്കും ലൈസൻസ് ഉദാരമായി കിട്ടുമെന്നുള്ള വിവരമാണ് എനിക്ക് കിട്ടിയത്. നേരത്തെയുണ്ടായിരുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്തി എല്ലാവർക്കും ലൈസൻസ് എന്നുള്ള ഒരു നയം അംഗീകരിച്ചുകൊണ്ട് ആവശ്യംപോലെ ബാർ ലൈസൻസ് കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ? അതിൽ ഇപ്പോൾ കർശനമായി നടപ്പിലാക്കുന്ന വ്യവസ്ഥകൾ ഏതൊക്കെയാണ്?

ശ്രീ. കെ. ശിവദാസൻ: ബാർ ലൈസൻസിൽ ഇപ്പോൾ നിലവിലിരിക്കുന്ന ദൂരത്തെ സംബന്ധിച്ചുള്ള 200 മീറ്റർ പരിധിക്കുപുറത്തേക്കൊടുക്കുകയുള്ളൂ എന്ന ഒരു തീരുമാനം എടുത്തതല്ലാതെ മുമ്പു നിലവിലുണ്ടായിരുന്ന അതിന്റെ സ്പെസിഫിക്കേഷൻസിലോ, റൂൾസിലോ ഒരു മാറ്റവും വരുത്തിയിട്ടില്ല. ആ റൂൾസ് എല്ലാം സ്ട്രിക്ടായിട്ട് പാലിക്കുന്നവർക്കു മാത്രമേ ഇത് നൽകുകയുള്ളൂ. നിലവിലിരിക്കുന്ന വ്യവസ്ഥകൾ ഓർമ്മയിൽനിന്നു മാത്രമേ പറയാൻ കഴിയുകയുള്ളൂ. അതിൽ രണ്ടു എ. സി. റൂം വേണം; എ. സി. ബാർ വേണം. പ്രത്യേകമായ അളവുകൊടുത്തിട്ടുള്ള കുറെ റൂംസ് വേണം. അതിനുള്ള മറ്റു സൗകര്യങ്ങൾ വേണം, വൃത്തി വേണം. അവിടത്തെ ജോലിക്കാർക്കു പ്രത്യേക വേഷവിധാനങ്ങൾ വേണം. മുള്ളും കത്തിയും ഉപയോഗിച്ച് ആഹാരം കഴിക്കുന്ന യൂറോപ്യൻ മീൽസ് (അതിപ്പോൾ സബ്സ്റ്റാൻഷ്യൽ മീൽസ് എന്ന് അമൻഡ് ചെയ്തിട്ടുണ്ട്) ഇങ്ങനെയുള്ള ചില വ്യവസ്ഥകളൊക്കെ നേരത്തെയുണ്ട്. അതു മാത്രമേ ഇപ്പോൾ നിലനിൽക്കുന്നുള്ളൂ. പുതുതായി ഒന്നുംതന്നെ ചേർത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബാർ ലൈസൻസ് വാങ്ങി ഹോട്ടൽ വ്യവസായം നടത്തുന്നതിന് സഹകരണസംഘങ്ങൾ അപേക്ഷ കൊടുത്തിട്ടുണ്ടോ? അങ്ങനെ സഹകരണസംഘങ്ങൾ നടത്തുന്ന ഏതെങ്കിലും റസ്റ്റാറന്റിന് ബാർ ലൈസൻസ് നൽകിയിട്ടുണ്ടോ?

ശ്രീ: കെ. ശിവദാസൻ: സഹകരണസംഘങ്ങൾക്ക് നൽകിയിട്ടുണ്ടോ എന്നുള്ളത് രേഖകൾ പരിശോധിക്കാതെ എനിക്ക് പറയാൻ കഴിയുകയില്ല.

ശ്രീ. സി. ടി. കൃഷ്ണൻ: ദേവാലയങ്ങളുടേയും വിദ്യാലയങ്ങളുടേയും ഇത്ര വാരയ്ക്ക് അപ്പുറത്തേ വിദേശമദ്യഷാപ്പ് സ്ഥാപിക്കാൻ പാടുള്ളൂവെന്ന് വ്യവസ്ഥകളൊന്നുമില്ല. എവിടെ വേണമെങ്കിലും വിദേശ മദ്യഷാപ്പുകൾ തുറക്കുന്നതിന് ഇന്ന് നിയമം അനുവദിക്കുന്നുണ്ട്. പക്ഷേ കള്ളുഷാപ്പുകൾ മാത്രം 400 മീറ്റർ അകലെ വേണമെന്നുപറയുന്നത് പാവപ്പെട്ടവരുടെ മദ്യം കള്ളായതുകൊണ്ടാണോ? പണക്കാർക്ക് എവിടെ വേണമെങ്കിലും പോയി കുടിക്കാം എന്നുള്ള സൗകര്യം മുൻനിറുത്തിയാണോ? ഇത് പാവപ്പെട്ടവരോടുള്ള വിവേചനമല്ലേ? അതിന് വല്ല മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ: വിദേശ മദ്യഷാപ്പുകൾ 31-3-1986 വരെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിലായിരുന്നു നിയമം. അന്നു വരുത്തിയ ഭേദഗതി അനുസരിച്ച് 200 മീറ്ററിന് പുറത്തായിരിക്കണം ഇപ്പോൾ സ്ഥാപിക്കേണ്ടത്. മറ്റുള്ള കള്ളുഷാപ്പുകളും ചാരായഷാപ്പുകളുമെല്ലാം 400 മീറ്ററിന് പുറത്തായിരിക്കണം.

ശ്രീ. സി. ടി. കൃഷ്ണൻ: കള്ളുഷാപ്പുകൾ വ്യാപകമായി ആരംഭിക്കുന്നത് നിബന്ധനകളെല്ലാം കൊണ്ടുവന്ന് തടസ്സപ്പെടുത്തിയാൽ കള്ളവാറ്റ് ഈ രാജ്യത്ത് വർദ്ധിച്ചുവരുമെന്നുള്ളത് മുൻനിറുത്തി വിദേശ മദ്യഷാപ്പുകൾക്ക് ഇന്ന് നിലവിലുള്ള നിയമംതന്നെ കള്ളുഷാപ്പുകൾക്കും ചാരായഷാപ്പുകൾക്കും ബാധകമാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ? ചെത്തുതൊഴിലാളികളുടേയും മറ്റു സംഘടനകളുടേയും നിവേദനങ്ങളുണ്ടെന്നു പറഞ്ഞു. ആ നിവേദനങ്ങൾ പരിഗണിച്ച് ഇന്നുള്ള സമ്പ്രദായത്തിൽ വല്ല മാറ്റവും വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ: ഇത് പരിഗണനയിലുണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞതാണ്. അതിനെസംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

ശ്രീ. വി. ദിനകരൻ: മദ്യം വിഷമാണെന്നാണ് പറയുന്നത്. എന്നാൽ ശുദ്ധജലത്തേക്കാൾ സുലഭമായ ലഘു പാനീയമായി ഇന്ന് മദ്യം മാറിയിരിക്കുകയാണ്. ഈ വിഷപാനീയത്തിന്റെ മാസ്മരശക്തിയിൽനിന്ന് വളരുന്ന തലമുറയെയെങ്കിലും രക്ഷപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: മദ്യത്തിന്റെ ദൂഷ്യവശങ്ങളെപ്പറ്റി പ്രചരണം നടത്താൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: കള്ളുഷാപ്പായാലും ചാരായഷാപ്പായാലും മറ്റു ഷാപ്പുകളായാലും ഓരോവർഷവും ലേലം ചെയ്താണ് കൊടുക്കുന്നത്. ലേലം ചെയ്യുമ്പോൾ പുതിയ ലൈസൻസുകളും കൊടുക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ ധാരാളം പള്ളികളും അമ്പലങ്ങളും സ്കൂളുകളും ഉണ്ടാകു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. അങ്ങനെ പുതിയ അമ്പലങ്ങളും, പുതിയ പള്ളികളും, പുതിയ സ്കൂളുകളും ഒക്കെ ഉണ്ടാകുന്ന സ്ഥിതിക്ക്, കള്ളുഷാപ്പുകളും ചാരായ ഷാപ്പുകളും വിദേശ മദ്യഷാപ്പുകളും മുമ്പു ലൈസൻസ് കൊടുത്ത ആളുകൾക്ക് അതേപോലെതന്നെ ലൈസൻസ് തുടരാനും ആ സ്ഥലത്തുതന്നെ നടത്താനും അനുവാദം കൊടുക്കുമോ?

ശ്രീ. കെ. ശിവദാസൻ: 400 മീറ്റർ ദൂരം എന്നു പറയുന്നത്, യഥാർത്ഥത്തിൽ നമ്മൾ മദ്യം എല്ലാവരേയും വിൽക്കാൻ അനുവദിക്കുകയും നമ്മുടെ നാട്ടിലെ ജനസാന്ദ്രതയും മറ്റും പരിശോധിക്കുകയും ചെയ്യുമ്പോൾ വിഷമങ്ങൾ സൃഷ്ടിക്കുന്ന ഒരു പ്രശ്നംതന്നെയാണ്. മെമ്പർ ഉന്നയിച്ചത് ഉൾപ്പെടെയുള്ള പരിഹാരമാർഗ്ഗങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

ശ്രീ. കെ.കെ. തോമസ്: മദ്യ ഷാപ്പുകൾ ലേലം ചെയ്തുകൊടുക്കുന്നത് ഗവൺമെൻറാണ്. വ്യവസ്ഥകളനുസരിച്ച് തവണകളും അടയ്ക്കണം. ഇങ്ങനെയുള്ള മദ്യഷാപ്പുകൾ പൊതുജനങ്ങൾക്ക് ഉപദ്രവമില്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് ഉദ്യോഗസ്ഥൻമാർ പ്രോൽസാഹനം നൽകുന്നില്ല. മാത്രമല്ല, ഉപദ്രവമാണ് ചെയ്യുന്നത്: ഇതുമൂലം എൻറെ നിയോജകമണ്ഡലത്തിൻറെ മിക്ക പ്രദേശങ്ങളിലും ആരാധനാലയത്തിൻറെ അടുത്തായാലും, ശ്മശാനത്തിൻറെ അടുത്തായാലും, എവിടെയായാലും മദ്യഷാപ്പുകളാണ്. ഇത് പരിശോധിച്ച് ഇതൊഴിവാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: നിയമവിരുദ്ധമായി ഷാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് പരാതികൾ വന്നാൽ വളരെ കർശനമായി അതിനെ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ.കെ. നായനാർ: മദ്യനിരോധനത്തിന് നയം സ്വീകരിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ ബഹുമാനപ്പെട്ട മൻമഥൻ സാറിൻറെയും, ഐ. കെ. കുമാരൻറെയുമൊക്കെ നേതൃത്വത്തിൽ പോയ ജാഥയ്ക്ക് നമ്മുടെ മുഖ്യമന്ത്രി ആശീർവാദമർപ്പിക്കുകയുണ്ടായി. ഇവിടെ വകുപ്പുമന്ത്രി പറയുന്നു, അത്തരം നടപടി സ്വീകരിച്ചിട്ടില്ലെന്ന്. ഇങ്ങനെ വൈരുദ്ധ്യമായ ഒരു സമീപനമാണ് ഈ ഗവൺമെൻറിനുള്ളതെന്നുള്ളതിനെ സംബന്ധിച്ച് മന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. കെ. ശിവദാസൻ: ഇതിൽ യാതൊരു വൈരുദ്ധ്യവും ഇല്ല. മദ്യം വിഷമാണ്, അത് കുടിക്കുന്നത് ശരിയല്ല. (ബഹളം) മദ്യത്തിൻറെ ദൂഷ്യവശങ്ങളെക്കുറിച്ച് പ്രചരണപരിപാടികൾ നടത്തുന്നതിന് ഗവൺമെൻറിന് താല്പര്യമുണ്ട്. ജനങ്ങളെ മദ്യത്തിൻറെ ആസക്തിയിൽനിന്ന് മോചിപ്പിക്കുന്നതിനുവേണ്ടി സാമൂഹ്യമായി മദ്യത്തിനെതിരായിട്ടുള്ള ഒരു ചിന്താഗതി വളർത്തിയെടുക്കുന്നതിനുള്ള ഒരു ശ്രമത്തിൻറെ ഭാഗമായിട്ടാണ് ശ്രീ. മൻമഥൻ പ്രചരണം നടത്തുന്നത്. അതിന് മുഖ്യമന്ത്രി ആശീർവാദം നൽകുകയുണ്ടായി. എനിക്കും സന്ദർഭം കിട്ടിയിരുന്നുവെങ്കിൽ ഞാനും ആശീർവാദം നൽകുമായിരുന്നു.

ശ്രീ. കെ.പി.എ. മജീദ്: ആരാധനാലയങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സമീപം മദ്യഷാപ്പുകൾ ആനുവദിക്കുകയില്ലെന്നുള്ളതാണ് നിബന്ധന. ഏതെങ്കിലും സ്ഥലത്ത് ആരാധനാലയങ്ങൾക്കടുത്ത് മദ്യഷാപ്പുകൾ നടത്താൻവേണ്ടി സ്പെഷ്യൽ ഓർഡറോ സ്പെഷ്യൽ സാങ്ഷനോ ഗവൺമെൻറ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നൽകാനുള്ള സാഹചര്യമെന്തായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: 400 മീറ്റർ എന്ന നിബന്ധനയുണ്ടായിരുന്നപ്പോഴാ റവന്യൂബോർഡിന് സ്പെഷ്യൽ സാങ്ഷൻ കൊടുക്കുന്നതിനുള്ള അവകാശമുണ്ടായിരുന്നു. ഇപ്പോഴാ അങ്ങനെ സ്പെഷ്യൽ സാങ്ഷൻ കൊടുക്കാനുള്ള അവകാശം എടുത്തു കളഞ്ഞിരിക്കുകയാണ്. അതിനു ശേഷം ആർക്കും കൊടുത്തിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: 1972 മുതൽ നിലനിൽക്കുന്ന നിയമത്തിൽ ഈ റൂൾ കൊണ്ടുവരുമ്പോഴത്തന്നെ 400 മീറ്റർ ദൂരപരിധിക്കകത്താണ് ചില ഷാപ്പുകളൊക്കെ നിലനിന്നിരുന്നത്. ഈ നിബന്ധന പ്രായോഗികമല്ലെന്ന് അന്നുതന്നെ അറിയാമായിരുന്നു. അതുകൊണ്ടാണ് എക്സംപ്ഷനുള്ള അധികാരം ആ റൂളിൽത്തന്നെ ഉൾപ്പെടുത്തിയത് പ്രായോഗികമല്ലെന്ന് ബോദ്ധ്യപ്പെട്ടത്. അതിനുശേഷം 14 വർഷത്തിനിടയ്ക്ക് ആയിരക്കണക്കിന് സ്കൂളുകളും ദേവാലയങ്ങളും ഈ ദൂരപരിധിക്കകത്ത് വന്നു. അതിന് ദൂരപരിധി ബാധകമല്ല. ഈ മദ്യ ഷാപ്പുകളുടെ സമീപത്താണ് സ്കൂളുകളും ദേവാലയങ്ങളും പിന്നീട് വന്നത്. ആ സന്ദർഭത്തിൽ എക്സംപ്ഷൻ അധികാരമെടുത്തുകളഞ്ഞതിന്റെ ഫലമായി ഈ വർഷം അബ്കാരി ഓക്ഷൻ നോട്ടിഫൈ ചെയ്തപ്പോഴാ ആദ്യറൗണ്ട് ലേലം നടത്തിയിട്ട് ബഹുഭൂരിപക്ഷം ഷാപ്പുകളും ഈ പരിധി പാലിച്ചു നടത്താൻ സാധ്യമല്ലാത്തതുകൊണ്ട് ലേലം നടന്നില്ല. അവസാനം ഈ നിയമം ഉണ്ടാക്കിയ ഗവൺമെന്റുതന്നെ പ്രായോഗികതലത്തിൽ വന്നപ്പോഴാ കണ്ണടച്ചുപോകുന്ന സ്ഥിതിയായി. പ്രായോഗികതലത്തിൽ നടക്കണമെങ്കിൽ അത് കൂടിയേ കഴിയുകയുള്ളൂ. ഞാൻ മനസ്സിലാക്കുന്നത്, ഗവൺമെന്റുഭാഗത്തുനിന്നുതന്നെ മുഖ്യമന്ത്രിയുൾപ്പെടെയുള്ള അത്യുന്നതസ്ഥാനത്തുനിന്നും കോൺട്രാക്ടർമാർക്ക് ഉറപ്പുകൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് ലേലം നടന്നത്. അങ്ങനെ ലേലം നടന്ന് പത്തുപതിനഞ്ചു കോടിരൂപ വാങ്ങിക്കഴിഞ്ഞതിനു ശേഷം ഇപ്പോഴാ ഈ നിയമം കർശനമാക്കുന്നതിൽ എന്തു നീതീകരണമാണുള്ളത്. ചെത്തുതൊഴിലാളി സംഘടനകളും മറ്റ് വ്യവസായത്തൊഴിലാളി സംഘടനകളുമൊക്കെ ഇത് പ്രായോഗികമല്ലെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ആലുവായിൽ ചാരായ ഷാപ്പുമാറ്റുന്നതിനുകൊടുത്ത ഹർജി അനുവദിച്ച് മുമ്പ് നടത്തിയിരുന്നത് നിക്കം ചെയ്യണമെന്ന് ഹൈക്കോടതി ഓർഡർ ചെയ്തപ്പോഴാ അതിൻമേൽ സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്ത് ഇത് വിവേചനപരമാണെന്നു പറഞ്ഞുകൊണ്ട് അത് സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ വസ്തുതകളൊക്കെ പരിഗണിച്ചുകൊണ്ട് ഈ അപ്രായോഗികമായ നിയമം ഒന്ന് പുനഃപരിശോധിക്കാൻ ഗവൺമെന്റ് അടിയന്തിരമായി തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ ഞാൻ ആദ്യം തന്നെ മറുപടി പറഞ്ഞു. സുപ്രീംകോടതിയിൽ നിന്ന് സ്റ്റേ ഉണ്ട്. ഈ ബുദ്ധിമുട്ടുകളെല്ലാം ഉണ്ട്. ഈ പ്രശ്നം ആ മെമ്മോറാണ്ടത്തിന്റെയൊക്കെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. പി. സി. ജോർജ്: മദ്യ നിയമത്തിൽ വളരെയധികം ഇളവുകളുണ്ട്. ഇളവുകൾ വാങ്ങിക്കൊണ്ട് വിദേശമദ്യ ഹോൾസെയിൽ കടകൾ റീട്ടെയിൽ കച്ചവടം നടത്തുന്ന നൂറുകണക്കിന് കടകളുണ്ട്. ഉദാഹരണത്തിന് പാലക്കാട് ഞാൻ നേരിട്ടുകണ്ട ഒരു കട ഉണ്ട്. എന്തുകാണിച്ചാലും വരുന്ന ഒരു പ്രത്യേകത, ഉദ്യോഗസ്ഥൻമാർ കേസ് എടുക്കും. മൂന്നു നാലുകേസ് എടുത്തുകഴിഞ്ഞാൽ (നിയമം ശരിക്കറിയില്ല) ലൈസൻസ്

LIBRARY ARCHIVES Kerala Legislative Assembly

ക്യാൻസൽ ചെയ്യണമെന്നാണ് നിയമം. സംസ്ഥാനത്തിതുവരെയും ഒരു വിദേശ മദ്യ ഹോംസെയിൽ കടയും റീട്ടെയിൽ കച്ചവടം നടത്തിയതിന്റെ പേരിൽ നിയമപരമായി ലൈസൻസ് ക്യാൻസൽ ചെയ്ത ചരിത്രമില്ല. ഈ കാര്യത്തിൽ ഈ നിയമം കർശനമായി നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: നിയമം കർശനമായി പാലിക്കുന്നതാണ്. ഇങ്ങനെയുള്ള കേസ് പോയിന്റൗട്ട് ചെയ്താൽ നടപടി സ്വീകരിക്കുന്നതാണ്. നിലവിലിരിക്കുന്ന നിയമം കർശനമായിത്തന്നെ നടപ്പിലാക്കുന്നതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: കള്ളുഷാപ്പുകളും ചാരായഷാപ്പുകളും 400 മീറ്ററിനുള്ളിൽ പാടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പുതിയ ഭേദഗതിപ്രകാരം ബാറുകളും 200 മീറ്ററിനകത്ത് പാടില്ലെന്നാണ്. കള്ളുഷാപ്പുകളിലും ചാരായഷാപ്പുകളിലും പോയി മദ്യം കുടിക്കുന്ന ആൾക്കാരും ബാറിൽപോയി മദ്യം കുടിക്കുന്ന ആൾക്കാരും തമ്മിലുള്ള വ്യത്യാസം കണക്കിലെടുത്താണോ ഈ 400 മീറ്റർ 200 മീറ്റർ എന്ന ഒരു വ്യത്യാസം വച്ചത്. അല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ്. കള്ളും ചാരായവും കുടിച്ചാൽ കൂടുതൽ വീര്യമുണ്ടാകുമെന്നും വിദേശമദ്യം കഴിച്ചാൽ കുറച്ചു വീര്യമുണ്ടാകുമെന്നുള്ള അടിസ്ഥാനത്തിലാണോ?

ശ്രീ. കെ. ശിവദാസൻ: ബാറുകൾ അനുവദിക്കുന്നതിന് ഞാൻ നേരത്തെ പറഞ്ഞതുപോലെ എയർകണ്ടീഷൻ ചെയ്തിട്ടുള്ള ഒരു ഹാളും എയർകണ്ടീഷൻ റൂംസും മാറ് സ്പെസിഫിക്കേഷൻസുമൊക്കെവേണം. അതിനുള്ളിൽ ഇരുന്ന് ഭദ്രമായി മാറുള്ളവർക്ക് ശല്യമുണ്ടാക്കാതെ കുടിക്കുന്നതുകൊണ്ടാകാം ഇതിനാദ്യകാലംതൊട്ടേ ഇങ്ങനെയൊരു വ്യത്യാസം വച്ചത്.

ശ്രീ. ബേബിജോൺ: മദ്യം വിഷമാണെന്ന് ഗവൺമെന്റിനഭിപ്രായമുള്ളപ്പോൾ പിന്നെ എന്തിനാണ് ഈ വിഷം ലേലം ചെയ്തുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത്. അതുപോലെതന്നെ പ്രചരണം നടത്തുന്നുവെന്ന് പറഞ്ഞു. മദ്യം വിഷമാണെന്നുള്ളത് ജനങ്ങളെ ബോധവാൻമാരാക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം പ്രചരണമാണ് നടത്തുന്നത്?

ശ്രീ. കെ. ശിവദാസൻ: പ്രൊഹിബിഷൻ നേരത്തെ തന്നെ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നതാണ്. പിന്നീട് ഗവൺമെന്റിന്റെ സാമ്പത്തികകാര്യങ്ങൾ, പോളിസികാര്യങ്ങൾ, മാറിമാറിവന്ന ഗവൺമെന്റുകളെല്ലാം തന്നെ തുടർന്നു വന്നിരുന്ന പോളിസിയുടെ ഫലമായിട്ടുവന്ന സാമ്പത്തിക സ്ഥിതിയുടെ പ്രായോഗികത ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഇപ്പോഴത്തെ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഏറ്റവും അവസാനമായി ശ്രീ. മൻമഥന്റെ പ്രചരണജാഥയ്ക്ക് ആശീർവാദം കൊടുത്തതുതന്നെ ഒരു പ്രചരണമാണ്. ഈ ഗവൺമെന്റിന്റെ ഇത്തരം സംരംഭങ്ങൾ ഇത് തടയുന്നതിനും സാമൂഹ്യമനസ്സാക്ഷിയെ മാറ്റുന്നതിനുമുള്ള സംരംഭത്തിന്റെ ശ്രമമാണ്. അത്തരം പല ശ്രമങ്ങളും ഗവൺമെന്റ് ചെയ്യുന്നുണ്ട്

ശ്രീ. ബേബിജോൺ: പ്രചരണസംരംഭമായി ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: മദ്യം ഉപയോഗിക്കുന്നത് തെറ്റാണെന്നു പറഞ്ഞ് സാമൂഹിക മനസ്സാക്ഷിയെ നന്നാക്കാനുള്ള ശ്രമമുണ്ടാക്കുകയെന്നതാണ് പ്രചരണ പരിപാടി.

ശ്രീ. ബെന്നിബഹനാൻ: 400 മീറ്റർ ദൂരപരിധിക്കുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ദേവാലയങ്ങളുടെയും അടുത്ത് മദ്യഷാപ്പുകൾ തുടങ്ങുന്നതിന് ലൈസൻസ് കൊടുക്കാൻ പാടില്ലെന്നിരിക്കെ നമ്മുടെ റോഡരുകിൽക്കാണുന്ന പെട്ടിക്കടകളിൽ കൊട്ടോടി, പൊടി എന്നൊക്കെയുള്ള ഓമനപ്പേരിൽ വാറ്റുചാരായം വ്യാപകമായി വിൽക്കുന്നുണ്ട്. ഇത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: ഇത്തരം കേസുകൾ പിടിക്കുന്നതിനുവേണ്ടി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ സ്ക്വാഡുകൾ പരിശ്രമിച്ച് ധാരാളം കേസുകൾ പിടിക്കുകയും നശിപ്പിക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. തുടർന്നിനിയും നടക്കുന്നുണ്ടെങ്കിൽ അതുതടയുന്നതിന് ഗവൺമെൻറ് ശ്രമം നടത്തുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെയുള്ള ആളുകൾ പോയിൻറ്റ് ചെയ്താൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: പത്തുവാർഡുകളുള്ള ഒരു പഞ്ചായത്തിൽ 19 ചാരായഷാപ്പുകളും ഉപഷാപ്പുകളും കൂടി നടത്തുന്ന ഒരവസ്ഥ എനിക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ള കാര്യമാണ് ഈ ഉപഷാപ്പുകൾ വേണ്ടെന്നുവയ്ക്കുന്നതിന് ഗവൺമെൻറിന് എന്തു തടസ്സമാണുള്ളത്? ഇതൊരു നയമായി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഇപ്പോഴുള്ള നിയമമനുസരിച്ച് ഉപഷാപ്പുകൾ അനുവദിക്കണമെന്നാണ്. അതനുസരിച്ച് അനുവദിക്കുന്നുമുണ്ട്. ഈ നയം മാറണമെങ്കിൽ മാറുന്ന സമയത്ത് അതേപ്പറ്റി ആലോചിക്കാം.

ശ്രീ. സി. ടി. അഹമ്മദാലി: മദ്യ നിരോധനം പൂർണ്ണമായി നടപ്പിലാക്കുകയാണെങ്കിൽ വരുന്ന നഷ്ടത്തിൻറെ പകുതി കേന്ദ്രഗവൺമെൻറ് സംസ്ഥാനഗവൺമെൻറിന് തരാമെന്ന് പറഞ്ഞതിൻറെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് പൂർണ്ണമായും മദ്യനിരോധനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഇപ്പോൾ ഇക്കാര്യം ഗവൺമെൻറിൻറെ പരിഗണനയിൽ ഇല്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: വിദ്യാലയങ്ങളുടെയും ദേവാലയങ്ങളുടെയും അടുത്ത് മദ്യഷാപ്പുകൾ കൊടുക്കാൻ പാടില്ലെന്നുള്ളതിൻറെ അടിസ്ഥാനത്തിൽ ഇപ്പോൾ ഹരിജനകോളനികളിലാണ് വ്യാപകമായി മദ്യഷാപ്പുകൾ തുടങ്ങിയിരിക്കുന്നത്. പ്രത്യേകിച്ചും പിന്നോക്ക പ്രദേശമായ ചിറ്റൂരിലെങ്കിലും ഹരിജൻകോളനിയുടെ ഇത്രയെങ്കിലും ദൂരത്ത് മദ്യഷാപ്പുകൾ മാറ്റി സ്ഥാപിക്കണമെന്ന് ഗവൺമെൻറിൻറെ ഭാഗത്തുനിന്നും കർശനമായ നിർദ്ദേശം കൊടുക്കുവാൻ കഴിയുമോ?

ശ്രീ. കെ. ശിവദാസൻ: ഇപ്പോൾ നിലവിലിരിക്കുന്ന നിയമമനുസരിച്ച് ഹരിജൻ കോളനികൾക്കകത്ത് മദ്യഷാപ്പുകൾ സ്ഥാപിക്കാൻ പാടില്ലെന്നാണ്. അത് ഭേദഗതിചെയ്യേണ്ടതാണെങ്കിൽ പരിഗണനയിലെടുക്കുന്ന സമയത്ത് ഭേദഗതി ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: 400 മീറ്റർ പരിധിക്കകത്തുള്ള മദ്യഷാപ്പുകൾ പൊളിച്ചുമാറ്റിക്കൊണ്ടിരിക്കുകയാണ്. എറണാകുളം ജില്ലയിൽ പോലീസ് സഹായത്തോടുകൂടിത്തന്നെ അത്തരം ഷാപ്പുകൾ പൊളിച്ചുനീക്കുന്ന ഒരു പ്രക്രിയ ആരംഭിച്ചിരിക്കുന്നു. അതിന്റെ ഫലമായി ചെത്തുതൊഴിലാളികൾക്ക് കള്ളുചെത്താൻ സൗകര്യം ലഭിക്കുന്നില്ല. ഈ 400 മീറ്റർ പരിധി പരിശോധനാർഹമായി പരിഗണനയിലിരിക്കുന്നുവെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഇനിയും തൊഴിൽ സൗകര്യങ്ങൾ ഉണ്ടാക്കാതിരിക്കുവാൻവേണ്ടി എത്രയും വേഗം ആ തീരുമാനം പ്രഖ്യാപിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: ആ തീരുമാനം എത്രയും വേഗം നടപ്പിലാക്കുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ. കെ. മുഹമ്മദാലി: ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ വ്യാപകമായി, നിയമവിരുദ്ധമായി ഉപഷാപ്പുകൾ ഉയർന്നുവരികയാണ്. എക്സൈസ് ഉദ്യോഗസ്ഥൻമാർ ഇത് തടയുന്നതിന് ശക്തമായ നടപടി സ്വീകരിച്ചുകാണുന്നില്ല. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇങ്ങനെയുള്ള ഉപഷാപ്പുകൾ തടയാനും നിയമവിരുദ്ധമായി അനുവദിക്കാൻ മുൻകൈയെടുക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ള എല്ലാ കേസ്സുകളിലും നടപടിയെടുത്തിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർ കുറ്റക്കാരാണെന്നുകണ്ട കേസ്സുകളിൽ അവരുടെ പേരിലും നടപടിയെടുത്തിട്ടുണ്ട്, അവരെ ശിക്ഷിച്ചിട്ടുമുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: മദ്യവർജ്ജന സമിതിയെ ആശീർവ്വദിച്ച മുഖ്യമന്ത്രി, മേയ് മാസത്തിൽ അങ്ങയുടെ അദ്ധ്യക്ഷതയിൽ ചെത്തുതൊഴിലാളി ക്ഷേമനിധിയുടെ ഓഫീസ് ഉദ്ഘാടനം ചെയ്ത അവസരത്തിൽ, സമ്പൂർണ്ണ മദ്യനിരോധനം നടക്കുകയില്ല എന്നും അങ്ങനെ മദ്യനിരോധനം കൊണ്ടുവന്നാൽ വിഷമദ്യം കഴിക്കേണ്ടിവരും എന്നും അതുകൊണ്ട് മദ്യനിരോധനം പ്രായോഗികമല്ലെന്നും പറഞ്ഞു. ഇതിൽ ഏത് പ്രസ്താവനയാണ് മുഖവിലയ്ക്ക് എടുക്കേണ്ടത്?

ശ്രീ. കെ. ശിവദാസൻ: സമ്പൂർണ്ണമായി ആളുകൾ മദ്യം കഴിക്കരുതെന്നുപറയുന്നത് നമ്മുടെ രാജ്യത്തുണ്ടായിട്ടുള്ള ഏറ്റവും മനോഹരമായ ആശയങ്ങളിലൊന്നാണ്. പക്ഷേ അത് പ്രായോഗികമായി നടപ്പിലാക്കുന്നതിന് ലോകത്ത് ആർക്കും കഴിഞ്ഞിട്ടില്ല. ഗവൺമെന്റിന്റെ പോളിസി അനുസരിച്ച് ഇപ്പോൾ മദ്യഷാപ്പ് ആകാമെന്നാണ്. അങ്ങനെയാണെങ്കിൽ, ഇതൊരു അനിവാര്യമായ വിപത്താണെങ്കിൽ 'ലെസ്സർ ഈവിൾ' എന്ന നിലയിൽ നല്ല മദ്യം കഴിക്കുകയെന്നുള്ളതാണ്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: നാട്ടിലെല്ലാം ദൈവത്തെ ആരാധിക്കുന്നു; ദൈവം കള്ളുകുടിക്കുന്നു, എന്നിട്ട് ആരാധനാകേന്ദ്രത്തിന്റെ പരിസരത്ത് ഇത് പാടില്ല എന്നുപറയുന്നതിന്റെ അർത്ഥമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: അത് ഇപ്പോഴ നിലവിലിരിക്കുന്ന റൂംസ് അനുസരിച്ചാണ്. അതിന്റെ മെരിറ്റിലേക്ക് കടന്ന് ഞാൻ അഭിപ്രായം പറയുന്നില്ല.

ശ്രീ. എം. കെ. കേശവൻ: വിദേശമദ്യഷാപ്പ് സ്ഥാപിക്കുന്നതിന് 200 മീറ്ററും ചാരായഷാപ്പുകളും കള്ളുഷാപ്പുകളും സ്ഥാപിക്കുന്നതിന് 400 മീറ്ററും എന്നാണ് നിലവിലുള്ള വ്യവസ്ഥ. കള്ളുഷാപ്പുകൾ നിലവിലുണ്ടായിരുന്ന സ്ഥലങ്ങളിൽ അത് പൊളിച്ചു മാറ്റാൻ ഡിപ്പാർട്ടുമെന്റിൽനിന്നും ഉദ്യോഗസ്ഥൻമാർ ശ്രമം നടത്തുന്നു. ഇത് സംബന്ധിച്ച് 16-3-1986-ൽ കേരള ഹൈക്കോടതിയിൽനിന്ന് ഒരു നിർദ്ദേശം വന്നു. കാക്ക പറക്കുന്ന ലൈൻവച്ചുകൊണ്ട് ദൂരം നിശ്ചയിക്കണം എന്ന്. എന്നാൽ പലപ്പോഴും ഉദ്യോഗസ്ഥൻമാർ കള്ളുഷാപ്പ് പൊളിക്കുന്ന കാര്യത്തിൽ മാത്രം നിർദ്ദേശം പാലിക്കുകയും വിദേശ മദ്യഷാപ്പുകളുടെ കാര്യത്തിൽ ഇത് പാലിക്കാതിരിക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ കർശനമായ നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: എല്ലാ കാര്യത്തിലും ഹൈക്കോടതിയുടെ ആ നിർദ്ദേശമാണ് ഇപ്പോഴ സ്വീകരിക്കുന്നത്. കാക്ക പറക്കുന്ന ലൈനിന്റെ അടിസ്ഥാനത്തിലല്ല.

ശ്രീ. ഒ. ഭരതൻ: കഴിഞ്ഞ കുറേക്കാലമായി പ്രവർത്തിച്ചുവരുന്ന കള്ളുഷാപ്പുകളും മദ്യഷാപ്പുകളും ആരാധനാലയങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും 400 മീറ്ററിനുള്ളിലാണെന്നു പറഞ്ഞുകൊണ്ട് അവർക്കെതിരായി ചില സ്ഥലങ്ങളിൽ നിയമവിരുദ്ധമായ പ്രക്ഷോഭങ്ങളും സമരങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് കണ്ണൂർ ജില്ലയിൽ ആലക്കോട് എന്ന സ്ഥലത്ത് എത്രയോ കൊല്ലമായി നിലനിന്നിരുന്ന കള്ളുഷാപ്പിനും മദ്യഷാപ്പിനുമെതിരായി പ്രക്ഷോഭണം നടക്കുന്നു; ഷാപ്പുകൾ പൂട്ടിയിടുന്നു. അതിന്റെ ഫലമായി എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് വല്ല വിവരവും ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഷാപ്പുകൾ 400 മീറ്ററിനുള്ളിൽ ആണെങ്കിൽ ജനങ്ങളുടെ കംപ്ലയിന്റ് ഉണ്ടായാൽ ഗവൺമെന്റുതന്നെ അത് മാറ്റി സ്ഥാപിക്കാൻ നടപടിയെടുക്കാൻ നിർബന്ധിതരായിത്തീരും. അങ്ങനെ ചെയ്യുന്നുണ്ട്. ഇപ്പോഴത്തെ നിയമമനുസരിച്ചാണെങ്കിൽ അത് മാറ്റുകയല്ലേ നിവൃത്തിയുള്ളൂ.

ശ്രീ. കെ. ഇ. ഇസ്മയിൽ: മദ്യനിയമം ലംഘിച്ചുകൊണ്ട് ഒരു മെയിൻഷാപ്പിന്റെ അതിർത്തിപ്രദേശമാണെന്ന നിലയിൽ നിരവധി ഉപഷാപ്പുകൾ ഇപ്പോഴ നടക്കുന്നുണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഇങ്ങനെ നടത്തുന്ന ഉപഷാപ്പുകളിൽ ചെത്തുതൊഴിലാളികളിൽനിന്ന് അല്ലാതെ കള്ള് വാങ്ങിയ്ക്കുകയും അത് വിഷമദ്യം ആയതിനാൽ അതുവാങ്ങിക്കഴിച്ച നിരവധി ആളുകൾ കിഴക്കഞ്ചേരിയിലെ മാന്ത്രാംവള്ളത്ത് ആശുപത്രിയിലാവുകയും ചെയ്തു. ഇത്തരം സംഭവങ്ങൾ തടയാനും നിരോധിക്കുവാനും എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ? വിഷമദ്യം കഴിച്ച് 20 സാധാരണക്കാരായ ആളുകൾ ആശുപത്രിയിലായതിനെത്തുടർന്ന് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: വിഷമദ്യം വരാതിരിക്കുന്നതിന് പീരിയോഡിക്കലായിട്ടുള്ള പരിശോധനകൾ ഉദ്യോഗസ്ഥൻമാർ നടത്തുന്നുണ്ട്. എങ്കിലും ചില സ്ഥലങ്ങളിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുന്നതുകൊണ്ട് കർശനമായ നടപടി സ്വീകരിക്കുന്നുണ്ട്. അതിനെ സംബന്ധിച്ച് നിയമപരമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. പോയിൻറ്റ് ചെയ്യുന്ന സ്ഥലത്ത് സ്പെഷ്യൽ സ്ക്വാഡും ഉദ്യോഗസ്ഥൻമാരും പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. എസ്. ജോൺ: നാട്ടിൻപുറങ്ങളിൽ, കൂണ് കുരിക്കുന്നതുപോലെയാണ് ഉപഷാപ്പുകൾ ഉണ്ടാകുന്നത്; വലിയ പരാതികളും സമരങ്ങളുമായിട്ട് പല സമിതികളും നടക്കുന്ന സ്ഥിതി വിശേഷമുണ്ട്. അത് ഒഴിവാക്കുന്നതിന് ഓരോ പഞ്ചായത്തിലും ഗവൺമെൻറുതന്നെ നേരിട്ട് സ്ഥലം നിശ്ചയിക്കുകയും അവിടെ കെട്ടിടം പണിത് ഗവൺമെൻറുതന്നെ വാടകയ്ക്ക് കൊടുക്കുകയും ചെയ്യുന്ന സംവിധാനം ഉണ്ടാക്കിയാൽ ഈ പ്രശ്നങ്ങൾ തീരും. അതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഇത് റഗുലറൈസ് ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം സ്വീകരിക്കാവുന്നതാണ്. പല നിർദ്ദേശങ്ങളുള്ളതിൽ ഒരു നിർദ്ദേശമാണിത്. ഇതും പരിഗണിക്കാവുന്നതാണ്.

ശ്രീ. സി. കെ. തങ്കപ്പൻ: മദ്യങ്ങളുടെ കൂട്ടത്തിൽ കള്ളാണ് നല്ല വസ്തുവെന്നാണ് എൻെറ ധാരണ. ഞാൻ ഉപയോഗിച്ചിട്ടില്ല.

'കള്ളോളം നല്ലൊരുവസ്തു
ഭൂലോകത്തില്ലെൻറളിയാ
എള്ളോളം ഉള്ളിൽ ചെന്നാൽ
ഭൂലോകം വട്ടം ചുറ്റും.'

എന്നൊരു കവിത വാഴപ്പള്ളി വാസുദേവമേനോൻ എന്നൊരാൾ എഴുതിയിട്ടുണ്ട്. അത് കള്ളിൻെറ ഗുണനിലവാരത്തേയും ഔഷധഗുണത്തേയുമാണ് എടുത്തുകാണിക്കുന്നത്. അതുകൊണ്ട് കൃത്രിമ മദ്യ ഉൽപാദനം നിരോധിക്കാനും യഥാർത്ഥ കള്ളുചെത്ത് വ്യവസായം പ്രോത്സാഹിപ്പിക്കാനും നല്ല മദ്യം കൊടുക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: കള്ള് ചെത്ത് വ്യവസായം പ്രോത്സാഹിപ്പിക്കുകയെന്നുള്ളത് ഗവൺമെൻറിൻെറ ഒരു പോളിസിയാണ്. വിഷമദ്യം തടയുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിക്കുന്നുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ്: നിബന്ധനകൾക്ക് വിരുദ്ധമായി നടത്തുന്ന ഷാപ്പുകൾക്കെതിരെ നടപടിയെടുക്കുമെന്ന് മുൻ എക്സൈസ് വകുപ്പുമന്ത്രി ഉറപ്പ് തന്നിട്ടുണ്ട്. ഇതുവരെ യാതൊരു നടപടിയുമെടുത്തിട്ടില്ല. നിയമവിരുദ്ധമായി നടത്തുന്നതിനെതിരെ നടപടിയെടുക്കാൻ വ്യവസ്ഥയുണ്ട് എന്ന് ഇപ്പോഴത്തെ മന്ത്രി പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും ഒരു ഷാപ്പിനെതിരെ ഇതുവരെ നടപടിയെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഷാപ്പിനെതിരെയാണ് നടപടിയെടുത്തത്; എന്തു നടപടിയാണ് എടുത്തത്?

ശ്രീ. കെ. ശിവദാസൻ: ചില ഷാപ്പുകൾ പൊളിച്ചിട്ടുണ്ട്, പല ആളുകളുടെ പേരിലും കേസ് എടുത്തിട്ടുണ്ട്, വ്യാജച്ചാരായം കണ്ടു പിടിക്കുന്നുണ്ട്, ഇതിനെ സംബന്ധിച്ച് കേസ്സെടുക്കുന്നുണ്ട് എന്നൊക്കെ ബഹുമാന്പ്പെട്ട മെമ്പർമാർ ഇവിടെ സൂചിപ്പിച്ചു. ഇനിയും ഇങ്ങനെയുള്ള കുഴപ്പങ്ങൾ നടക്കുന്നുണ്ടാകാം. അതിനെല്ലാമെതിരെ ശക്തമായ നടപടികൾ ഈ ഗവൺമെന്റ് എടുക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ ബോഡി നിർമ്മാണം

* 234 [371] ശ്രീ. പി. വിജയദാസ്:
,, എ. സി. ഷൺമുഖദാസ്:
,, ടി. പി. പീതാംബരൻ മാസ്റ്റർ:
,, എ. കെ. ശശീന്ദ്രൻ:
,, ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യുടെ കീഴിൽ എത്ര ബോഡി ബിൽഡിംഗ് യൂണിറ്റുകൾ ഉണ്ട്;

(ബി) ഇവയുടെ വാർഷിക നിർമ്മാണശേഷി എത്ര;

(സി) 1982–83 മുതൽ 1985–86 വരെ ഓരോ വർഷവും കെ. എസ്. ആർ. ടി. സി. റോഡിലിറക്കിയ പുതിയ ബസ്സുകളിൽ എത്ര എണ്ണത്തിന്റെ ബോഡി കെ. എസ്. ആർ. ടി. സി. വർക്കു ഷോപ്പുകളിൽ നിർമ്മിച്ചതാണ്;

(ഡി) സംസ്ഥാനത്തിന് പുറത്ത് ബോഡി നിർമ്മിച്ചവ എത്ര;

(ഇ) ഓരോ വർഷവും ഏതെല്ലാം സ്ഥാപനങ്ങൾ എത്ര ബോഡി വീതം നിർമ്മിച്ചു എന്ന് വ്യക്തമാക്കുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ഒന്ന്. പാപ്പനംകോട്ടുള്ള കെ. എസ്. ആർ. ടി. സി. യുടെ സെൻട്രൽ വർക്ക്ഷോപ്പിൽ ബസ്ബോഡികൾ നിർമ്മിക്കുന്നു.

(ബി) പരമാവധി ഉൽപ്പാദനശേഷി, പ്രതിവർഷം 168 ബസ് ബോഡികൾ.

(സി)

1982-83	139 എണ്ണം
1983-84	173 ,,
1984-85	99 ,,
1985-86	43 ,,

ഇത്രയും കെ. എസ്. ആർ. ടി. സി. യുടെ പാപ്പനംകോട് വർക്ക് ഷോപ്പിൽ നിർമ്മിച്ചതാണ്.

(ഡി)

1982-83	101 എണ്ണം
1983-84	162 ,,
1984-85	238 ,,
1985-86	73 ,,

LIBRARY ARCHIVES Kerala Legislative Assembly